പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3658 24/06/2014-ൽ മറുപടിക്ക്

# വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

ചോദ്യം

ശ്രീ. എ. റ്റി. ജോർജ്
„ ലൂഡി ലൂയിസ്
„ എ. പി. അബ്ദുള്ളക്കുട്ടി
„ എം. പി. വിൻസെന്റ്

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ മന്ത്രി)

## (എ)യും (ബി)യും (ഡി)യും

ഉണ്ട്. ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി 195.1 MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. വരും വർഷങ്ങളിൽ താഴെ പറയുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ വഴി 478.1 MW ന്റെ സ്ഥാപിത ശേഷി വർദ്ധനവ് ലക്ഷ്യമിടുന്നു.

നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1 | വിലങ്ങാട് | 7.5MW (22.63 Mu) |
| 2 | ബാരാപ്പോൾ | 15 MW (36 Mu) |
| 3 | ചിമ്മിനി | 2.5 MW (6.7 Mu) |
| 4 | ആഢ്യൻപാറ | 3.5 MW (9.01 Mu) |
| 5 | വെള്ളത്തൂവൽ | 3.6 MW (12.17 Mu) |
| 6 | പെരുന്തേനരുവി | 6.0 MW (25.77 Mu) |
| 7 | ചെങ്കുളം ഓഗ്മെന്റേഷൻ | 85 ദശലക്ഷം യൂണിറ്റ് |

(2)

| | | |
|---|---|---|
| 8 | കക്കയം | 3 MW (10.39 Mu) |
| 9 | ചാത്തൻകോട്ടുനട II | 6 MW (14.76 Mu) |
| 10 | ഭൂതത്താൻകെട്ട് | 24 MW (83.5 Mu) |
| 11 | തൊട്ടിയാർ | 40 Mw (99 Mu) |
| 12 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW (153.9 Mu) |
| 13 | പൊരിങ്ങൽകുത്ത് | 24 MW (45.02 Mu) |
| | ആകെ | 195.1 MW (603.8 Mu) |

പുതിയ പദ്ധതികൾ

| | | |
|---|---|---|
| 1 | ഒലിക്കൽ | 5 MW |
| 2 | പൂവാരംതോട് | 3 MW |
| 3 | അപ്പർ കല്ലാർ | 2 MW |
| 4 | പീച്ചാട് | 3 MW |
| 5 | ലാഡ്രം | 6 MW |
| 6 | പെരുവണ്ണാമൂഴി | 6 MW |
| 7 | ചെമ്പുക്കടവ് III | 6 MW |
| 8 | അപ്പർ ചെങ്കുളം | 24 MW |
| 9 | വെസ്റ്റേൺ കല്ലാർ | 5 MW |
| 10 | മാങ്കുളം | 40 MW |
| 11 | ചിന്നാർ | 24 MW |
| 12 | മാർമല | 7 MW |
| 13 | വൈത്തിരി | 60 MW |
| 14 | മരിപ്പുഴ | 6 MW |
| 15 | വാലന്തോട് | 7.5 MW |

(... 3)

| | | |
|---|---|---|
| 16 | കല്ലാർ | 4 MW |
| 17 | കാന്തൻപാറ | 66 MW |
| 18 | തൊമ്മൻകുത്ത് | 2.5 MW |
| 19 | മെലോറം | 3.6 MW |
| 20 | പൊരിങ്ങൽകുത്ത് (Pumped Storage) | 80 MW |
| 21 | കുറ്റ്യാടി (Pumped Storage) | 110 MW |
| 22 | ആനക്കയം | 7.5 MW |
| | ആകെ | 478.1 MW |

സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനത്തിന് ആസൂത്രണം ചെയ്തിട്ടുള്ള കാറ്റ്, സോളാർ ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതികളുടേയും താപവൈദ്യുത പദ്ധതികളുടേയും വിവരങ്ങൾ അനുബന്ധം- 1 ആയി ചേർത്തിരിക്കുന്നു.

സ്വകാര്യ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം- II ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

ഭരണാനുമതി നൽകിയ പദ്ധതികൾ അനുബന്ധം– III ആയി ചേർക്കുന്നു.

കൂടാതെ ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 144.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. മറ്റു പദ്ധതികളുടെ വിശദമായ Project Report തയ്യാറാക്കൽ നടപടികൾ പുരോഗമിക്കുന്നു. ആനക്കയം ചെറുകിട ജലവൈദ്യുത

പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടെണ്ടർ നടപടികൾ പുരോഗമിക്കുന്ന പദ്ധതികൾ അനുബന്ധം- IV ആയി ചേർക്കുന്നു. മറ്റു പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം- V ആയി ചേർക്കുന്നു. സ്വകാര്യ മേഖലയിൽ നടപ്പിലാക്കുന്ന 25 പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**

U.S.Q.No 3558

# അനുബന്ധം -1

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയില് നടപ്പിലാക്കുന്ന പദ്ധതികൾ**

(1) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളില് അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(3) പാലക്കാട് ജില്ലയിലെ അഗളി ചാലയൂര് ട്രൈബല് കോളനിയിലെ വീടുകളുടെ മേൽക്കൂരകളില് മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(4) പൊരിങ്ങൽ പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളില് 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാര് പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പാല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൌണ്ടട് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളില് 134.56 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage -1) സ്ഥാപിക്കൽ.

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 1.315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ.

(8) ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസല് എഞ്ചിൻ ജനറേറ്റര് സെറ്റുകള് മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിന് ജനറേറ്റർ സെറ്റുകള് സ്ഥാപിക്കുന്ന പദ്ധതി.

(9) ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോട് അനുബന്ധമായി കാലിയായിക്കിടക്കുന്ന സ്ഥലത്ത് പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവര് പ്രോജക്ട്.

(10) കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ-വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയില് നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം.

(11) പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവര് പ്രോജക്ട്.

(12) 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നു.

## മറ്റ് ഏജൻസികൾ വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ

(13) പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 3 മെഗാവാട്ട് ശേഷിയുള്ള മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി.

(14) Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.

(15) എൻ.എച്ച്.പി.സി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.

(16) എൻ.എച്ച്.പി.സി വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തില് സ്ഥാപിക്കുന്ന 50 മെഗാവാട്ടിന്റെ സോളാര് പദ്ധതി.

സെക്ഷൻ ഓഫീസർ

അനുബന്ധം – II

| നമ്പർ | SHP പ്രോജക്ട് (സ്കീം നം. G.O(MS)30/2012/PD dated 12.12.2012) | ജില്ല | സ്ഥാപിത ശേഷി | കമ്പനി |
|---|---|---|---|---|
| 01 | അടയ്ക്കാതോട് (2) | കണ്ണൂർ | 2.50 | ശ്രീ.ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇൂവക്കടി, ട്രിച്ചി. |
| 02 | അനക്കാംപോയിൽ (26) | കോഴിക്കോട് | 6.75 | മിനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് |
| 03 | ആനയ്ക്കൽ (40) | കോട്ടയം | 2.00 | ആംഗ്ലർ സ്ട്രക്ച്ചറൽസ്, കോലഞ്ചേരി. |
| 04 | അരിപ്പാറ (13) | കോഴിക്കോട് | 3 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 05 | ഇഞ്ചവരകത്ത് (52) | ഇടുക്കി | 3.00 | കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം |
| 06 | കൈതകൊല്ലി (36) | വയനാട്/കണ്ണൂർ | 10.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 07 | കാക്കടാംപോയിൽ എസ്റ്റി(11) | കോഴിക്കോട് | 21 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 08 | കങ്കാപുഴ (54) | ഇടുക്കി | 0.75 | ശ്രീ. ഐസക്ക് സാമുവൽ, കോട്ടയം |
| 09 | കഴുത്തുരുത്തി (41) | കൊല്ലം | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 10 | കീഴാർകുത്ത് (27) | ഇടുക്കി | 15 | ജനറൽ മെക്കാനിക്കൽ വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ. |
| 11 | കൊക്കമുല്ല (3) | കണ്ണൂർ | 2 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 12 | കോഴിച്ചാൽ (46) | കണ്ണൂർ | 0.75 | സ്വസ്തിക്ക് ഇന്ത്യ ഇഞ്ചിനീയറിംഗ് (എസ്.സി) പ്രൈവറ്റ് ലിമിറ്റഡ്, മുബൈ. |
| 13 | കോഴിയിലകുത്ത് | ഇടുക്കി | 1.00 | എ.ബി.ജി. ഇഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |
| 14 | കതിരച്ചട്ടം (19) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 15 | ലോവർമർമല (45) | കോട്ടയം | 0.90 | നേച്ചപാടം കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി. |
| 16 | മാടത്തെരുവി(9) | പത്തനംതിട്ട | 1.00 | പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൽട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്. |
| 17 | മാലോത്തി(17) | കാസർകോഡ് | 2.00 | ശ്രീ. ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശി. |
| 18 | മുത്തപ്പൻപുഴ(43) | കോഴിക്കോട് | 1.50 | മീനാർ ഇസ്പാറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് |
| 19 | പനംകടന്ത(15) | പത്തനംതിട്ട | 0.50 | എ.ബി.ജി എഞ്ചിനീയറിംഗ് (1) പ്രൈവറ്റ് ലിമിറ്റഡ്, തിരുവല്ല. |

| | | | | |
|---|---|---|---|---|
| 20 | പതൻകയം(25) | കോഴിക്കോട് | 4.00 | മിനാർ അലോയിസ് ആന്റ് ഫോർജിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് |
| 21 | പൊരു ലോഹെഡ് സ്കീം(58) | എറണാകളം | 16.00 | ശ്രീ ശരവണാ ഇഞ്ചിനീയറിംഗ് ഭവാനി പ്രൈവറ്റ് ലിമിറ്റഡ്, തമിഴ് നാട്. |
| 22 | തോണിയാർ (31) | എറണാകളം | 2.60 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 23 | ഉമ്പൂർമൂഴി (60) | തൃശ്ശൂർ | 7.00 | കൊച്ചിൻ മെറ്റീരിയൽസ് ആന്റ് റ്റൂട്ടയിൽ ലിമിറ്റഡ്, ആലുവ. |
| 24 | ഉവൽ (33) | ഇടുക്കി | 1.00 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |
| 25 | ഉറുമ്പിനി (32) | പത്തനംതിട്ട | 2.20 | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചിൻ |

സെക്ഷൻ ഓഫീസർ

ഭരണാനുമതി നൽകിയ പദ്ധതികൾ

(അനുബന്ധം - III

| | | |
|---|---|---|
| 1 | അപ്പർ ചെങ്കുളം SHEP | 24 MW |
| 2 | ചിന്നാർ SHEP | 24 MW |
| 3 | പിച്ചാട് SHEP | 3 MW |
| 4 | പൂവാരംതോട് SHEP | 2.7 MW |
| 5 | ഒലിക്കൽ SHEP | 4.5 MW |
| 6 | മാങ്കുളം HEP | 40 MW |
| 7 | ആനക്കയം | 7.5 MW |

8) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളില് അനുയോജ്യമായവയിൽ മൊത്തം 135 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

9) കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

10) പാലക്കാട് ജില്ലയിലെ അഗളി ചാലയൂര് ട്രൈബല് കോളനിയിലെ വീടുകളുടെ മേൽക്കൂരകളില് മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

11) പൊരിങ്ങൽ പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളില് 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാര് പ്ലാന്റ് സ്ഥാപിക്കൽ.

12) കമ്പാല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൌണ്ടട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

13) തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളില് 134.56 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage -1) സ്ഥാപിക്കൽ.

14 750 MW ന്റെ കുറിശ്ശി പദ്ധതി EPC രീതിയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

15. RGGVY - DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 1.315 MW ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് സർക്കാർ REC ക്ക് അംഗീകാര പത്രം നൽകിയിട്ടുണ്ട്.

16. കാരാട്ടിപ്പാടം പദ്ധതി ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കേരള സർക്കാരുമായി എൻ എച്ച് പി സി ഒപ്പുവച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം IV

(1) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളില് അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(3) പാലക്കാട് ജില്ലയിലെ അഗളി ചാലയൂര് ട്രൈബല് കോളനിയിലെ വീടുകളുടെ മേൽക്കൂരകളില് മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(4) പൊരിങ്ങൽ പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളില് 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാര് പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പാല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൌണ്ടട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളില് 134.56 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage -1) സ്ഥാപിച്ചുൽ.

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 1.315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിച്ചുൽ.

സെക്ഷൻ ഓഫീസർ

**അനുബന്ധം -5**

1) ബ്രഹ്മപുരം വൈദ്യുത നിലയത്തിലെ പ്രവർത്തനരഹിതമായ രണ്ട് ഡീസല് ജനറേറ്റര് സെറ്റുകൾ മാറ്റി പകരം ഏകദേശം 36-40 MW സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകള് സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടര് നടപടികള് പുരോഗമിച്ചുവരുന്നു. നിലവിലുള്ള പാരിസ്ഥിതിക അനുമതി പുതുക്കുന്നതിനു വേണ്ടി സംസ്ഥാനതല പാരിസ്ഥിതിക ആഘാത പഠന അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) ബ്രഹ്മപുരത്ത് സ്ഥാപിക്കുവാന് ഉദ്ദേശിക്കുന്ന 400 MW സ്ഥാപിതശേഷി വരുന്ന കമ്പയിൻഡ് സൈക്കിള് പവര് പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാത പഠനവുമായി ബന്ധപ്പെട്ട പണിക്കായി കൺസൾട്ടന്റായ M/s. Bhagavathi Ana Labs, Hyderabad-നെ നിയമിച്ച് പഠനം നടന്നുവരുന്നു.

3) പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയില് നിർമ്മിക്കാനുദ്ദേശിക്കുന്ന 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുത നിലയത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിലും, പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. യും സ്വീകരിച്ചുവരുന്നു.

4) പുതുവൈപ്പ് 1200 MW വാതകാധിഷ്ഠിത പദ്ധതിക്കായി 46.66 ഏക്കര് സ്ഥലം കൊച്ചിന് പോർട്ട്ട്രസ്റ്റില് നിന്ന് അനുവദിച്ചുകൊണ്ടുള്ള തീരുമാനം 13.05.2014 ലെ സർക്കാര് ഉത്തരവുപ്രകാരം ലഭിക്കുകയുണ്ടായി. സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൈമാറ്റം ചെയ്യുവാൻ എറണാകുളം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5) പദ്ധതി നടപ്പാക്കുന്നതിന്റെ വിവിധ സാധ്യതകൾ സർക്കാരും, കെ.എസ്.ഇ.ബി. യും പരിശോധിച്ചുവരുന്നു.

6) പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 3 മെഗാവാട്ട് ശേഷിയുള്ള മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമാണജോലികൾ പൂർത്തിയാക്കി. കമ്മീഷനിംഗ് ജോലികൾ നടന്നുവരുന്നു.

7) Inox Renewable Energy Limited കഞ്ചിക്കോടുള്ള കിൻഫ്രയുടെ സ്ഥലത്ത് 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

8) ഗവൺമെന്റ് എൻ.എച്ച്.പി.സി – യുമായിട്ട് 06.01.2014 ല് പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളില് 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേയ്ക്കായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിൻമേലുള്ള തുടർനടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു.

9) വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാര് പദ്ധതി സ്ഥാപിക്കുന്നതിന് വേണ്ടി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എൻ.എച്ച്.പി.സി യുമായി 07.05.2014 ല് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തി കൈമാറുന്നത് ഗ്രാമപഞ്ചായത്തും, സ്ഥല ഉടമകളും സംയുക്തമായി രൂപീകരിക്കുന്ന Special Purpose Vehicle (SPV) ആയിരിക്കും. SPV രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ